# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1785 04.05.2017-ൽ മറുപടിയ്ക്ക്

**നികുതി യഥാസമയം പിരിച്ചെടുക്കാതിരുന്നത് മൂലമുണ്ടായ സാമ്പത്തിക ബാധ്യത**

| | ചോദ്യം<br>ശ്രീ.പി.കെ. ശശി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിനു ലഭിക്കേണ്ട നികുതി യഥാസമയം പിരിച്ചെടുക്കാതിരുന്നതും സ്റ്റേകളും ഒഴിവാക്കലുകളും നടത്തിയതും അനാവശ്യ ചെലവ് നിയന്ത്രിക്കാത്തതും മൂലമുണ്ടായ സാമ്പത്തികബാധ്യതയുടെ 24.05.16 വരെയുള്ള വിശദാംശം ലഭ്യമാക്കുമോ? | (എ) | വാണിജ്യ നികുതി വകുപ്പിൽ സ്റ്റേകളും ഒഴിവാക്കലുകളും ആയി പിരിച്ചെടുക്കാൻ സാധിക്കാതെ 01/04/2016 ലെ കണക്കനുസരിച്ച് 6883.98 കോടി രൂപ കുടിശ്ശികയായി വന്നിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ ലഭ്യമായ കണക്കനുസരിച്ച് പ്രസ്തുത കാലയളവിൽ കേരള മുദ്രപത്ര നിയമം 9(1) വകുപ്പനുസരിച്ച് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ചെയ്തു നൽകിയത് വഴി സർക്കാരിന് 8,45,15,874 രൂപയുടെ വരുമാന കുറവ് ഉണ്ടായി. |
| (ബി) | ഇതിൽ നിന്നും സംസ്ഥാനത്തെ സംരക്ഷിക്കാനും സാമ്പത്തിക ഭരണനിർവ്വഹണം കാര്യക്ഷമമാക്കാനുമായി ഈ സർക്കാർ വാണിജ്യ നികുതി , രജിസ്ട്രേഷൻ , ലാന്റ് റവന്യൂ , എക്സൈസ് വകുപ്പ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 1. വാണിജ്യ നികുതി വകുപ്പിൽ കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.<br>5. റിട്ടേൺ സ്ക്രൂട്ടിനി , കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി. |

| | | | |
|---|---|---|---|
| | | | 6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.<br>7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.<br>8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിററ് വിഭാഗം ശക്തിപ്പെടുത്തി.<br>9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.<br>10. നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം എന്നിവ തടയുന്നതിനായി ശക്തമായ എൻ ഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് മുഖേന നടത്തിവരുന്നു.<br>11. രജിസ്ട്രേഷൻ വകുപ്പിൽ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തി.<br>12. മോട്ടോർ വാഹന വകുപ്പിൽ കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയതിലൂടെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും, നികുതി അടയ്ക്കാത്തതിനാൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത് അതിൽ നിന്നും കുടിശ്ശിക വസൂലാക്കുന്നതിലൂടെയും നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | പ്രസ്തുത വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതോടൊപ്പം വകുപ്പുകളിലെ അഴിമതിയും കൈക്കൂലിയും ഇല്ലാതാക്കാൻ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും എത്ര ഉദ്യോഗസ്ഥർക്കെതിരെ (വകുപ്പുകൾ തിരിച്ച്) നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | വാണിജ്യ നികുതി വകുപ്പിൽ അഴിമതി, കൈക്കൂലി എന്നീ ഇനങ്ങളിൽ 326 ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി വകുപ്പിലെ മേല്പറഞ്ഞ കേസ്സുകളിൽ ഉൾപ്പെട്ടവർക്ക് സസ്പെൻഷൻ, കുറ്റാരോപണ മെമ്മോ, കാരണം കാണിക്കൽ നോട്ടീസ് തുടങ്ങിയവ നൽകുകയും കുറ്റക്കാർക്കെതിരെ ആനുകൂല്യങ്ങൾ തടയുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയുമുണ്ടായി. കൂടാതെ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കാനും ചെക്ക്പോസ്റ്റ് കടന്നു വരുന്ന വാഹനങ്ങളെ പുന:പരിശോധിക്കാനും വാണിജ്യ നികുതി ഇൻറലിജൻസ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ചെക്ക് പോസ്റ്റുകളടക്കമുള്ള എക്സൈസ് ഓഫീസുകളിലെ അഴിമതിയും കൈക്കൂലിയും ഇല്ലാതാക്കുന്നതിന് ടി ഓഫീസുകളിൽ എക്സൈസ് കമ്മീഷണർ അടക്കമുള്ള മേലുദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുന്നതും ടി വിഷയത്തിൽ സർക്കാരിൽ നിന്നും വിജിലൻസിൽ നിന്നുമുള്ള എല്ലാ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കുന്നുണ്ടെന്നും ക്രമക്കേടുകൾ നടക്കുന്നില്ലെന്നും ഉറപ്പുവരുത്തുന്നുണ്ട്. പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന പരാതികൾ സമർപ്പിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനം എക്സൈസ് കമ്മീഷണറേറ്റിൽ പ്രവർത്തിച്ച് വരുന്നു.<br><br>മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കൈക്കൂലി ഇല്ലാതാക്കുന്നതിനും ഇന്റേണൽ വിജിലൻസ് വിംഗിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും എല്ലാ റീജിയണൽ/ സബ് റീജിയണൽ ഓഫീസുകളിലും ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകളിൽ മിന്നൽ പരിശോധന നടത്തുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 35 ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ തലത്തിലും 25 പേർക്കെതിരെ വകുപ്പ് തലത്തിലും അച്ചടക്ക നടപടി സ്വീകരിക്കുകയുണ്ടായി.<br><br>രജിസ്ട്രേഷൻ വകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾക്കായി, അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനും, ഫീസുകൾ ഇ-പേയ്മെന്റ് സംവിധാനം വഴി അടയ്ക്കുവാനും സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധ്യമാകുന്നതാണ്. ആഭ്യന്തര വിജിലൻസ് അന്വേഷണങ്ങൾക്കായി ജോയിന്റ് ഇൻസ്പെക്ടർ ജനറലിനെ വിജിലൻസ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. പരാതിയുടെയും മറ്റും അടിസ്ഥാനത്തിൽ നിലവിൽ 7 ജീവനക്കാർ സസ്പെൻഷനിൽ തുടരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 24 ജീവനക്കാർക്ക് കുറ്റപത്രവും ഒരു ജീവനക്കാരനെതിരെ പ്രോസിക്യൂഷൻ അനുമതിയും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | റവന്യൂ വകുപ്പിൽ സംസ്ഥാനത്ത് യഥാക്രമം തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും, എറണാകുളം ആസ്ഥാനമാക്കി മദ്ധ്യമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും, കോഴിക്കോട് ആസ്ഥാനമാക്കി ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റിലെയും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് എന്ന് നാമകരണം ചെയ്തു പ്രവർത്തിച്ചുവരുന്നു. കൂടാതെ വകുപ്പ് മേധാവിയായ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ഇൻസ്പെക്ഷൻ ആൻഡ് ആഡിറ്റ് വിഭാഗം സബ് ഓഫീസുകളിലെ റിക്കാർഡുകൾ, രജിസ്റ്ററുകൾ, അക്കൗണ്ടുകൾ എന്നിവ പരിശോധിച്ച് വരുന്നുണ്ട്. 24.05.2016 വരെ സംസ്ഥാനത്തൊട്ടാകെ 514 റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**